**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വൃദ്ധജനങ്ങൾക്ക് പോഷകാഹാരം എന്ന പ്രോജക്റ്റ് (പ്രോ.നം. 157/19 - അടങ്കൽ CSR വിഹിതം 5.00 ലക്ഷം രൂപ ) നടപ്പാക്കാൻ തിരുവാണിയൂർ ഗ്രാമപഞ്ചായത്തിന് അനുമതി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം.**2705/2018** /തസ്വഭവ    തീയതി, തിരുവനന്തപുരം **23.10.2018**

പരാമർശം :- 1) തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് പഞ്ചായത്തിന്റെ 20.07.2018- ലെ A2-517/18-ാം നമ്പർ പ്രകാരമുള്ള കത്തും 30.05.2018- ലെ 5(2)- ാം നമ്പർ ഭരണസമിതി തീരുമാനവും

2) എറണാകുളം ജില്ലാ കളക്ടറുടെ 04/08/2018 ലെ59037/18/DPO/EKM നമ്പർ കത്ത് .

3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.18 ൽ കൂടിയ യോഗത്തിന്റെ 4.19 നമ്പർ തീരുമാനവും 27.09.18 ൽ കൂടിയ യോഗത്തിന്റെ 2.2 നമ്പർ തീരുമാനവും.

**<u>ഉത്തരവ്</u>**

തിരുവാണിയൂർ ഗ്രാമപഞ്ചായത്തിൽ BPCL ധനസഹായത്തോടെ (CSR വിഹിതം) വൃദ്ധജനങ്ങൾക്ക് പോഷകാഹാരം എന്ന പ്രോജക്റ്റ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും വെറ്റിംഗ് ഓഫീസർ അംഗീകാരം നൽകിയില്ലെന്നും (പ്രോ.നം. 157/19 - അടങ്കൽ CSR വിഹിതം 5.00 ലക്ഷം രൂപ ) ഇതിന് അനുമതി നൽകണമെന്ന തിരുവാണിയൂർ ഗ്രാമപഞ്ചായത്തിന്റെ തീരുമാനം എറണാകുളം ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിശോധിച്ചു. ടി കമ്മിറ്റിയുടെ 27/09/2018 ലെ യോഗതീരുമാനപ്രകാരം CSR വിഹിതമായതിനാൽ, പ്രോജക്റ്റ് കുടുംബശ്രീ മുഖേന നടപ്പാക്കേണ്ടതാണെന്ന വ്യവസ്ഥയിൽ പ്രസ്തുത പ്രോജക്റ്റ് നടപ്പാക്കാൻ തിരുവാണിയൂർ ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു. ഭാവിയിൽ ഇത്തരം പ്രോജക്റ്റ് നടപ്പാക്കേണ്ടതില്ല

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**പാറ്റ്സി സ്റ്റീഫൻ**
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
സെക്രട്ടറി തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**